# കേരള സർവകലാശാല

നം. പി.ആർ.052/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി പരീക്ഷ

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 18-ന് ആരംഭിക്കുന്ന അവസാനവർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി പഴയ സ്കീം (2013 അഡ്മിഷന് മുമ്പുള്ളത്), പുതിയ സ്കീം (2013 അഡ്മിഷൻ മുതലുള്ളത്) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 19, 50 രൂപ പിഴയോടെ മാർച്ച് 21, 125 രൂപ പിഴയോടെ മാർച്ച് 23 വരെയും അപേക്ഷിക്കാം. 2014-2017 ബാച്ച് (2013 സ്കീം) സപ്ലിമെന്ററി വിദ്യാർത്ഥികൾ ഓൺലൈനായും 2013 സ്കീം (പുതിയ സ്കീം) സപ്ലിമെന്ററി വിദ്യാർത്ഥികളും 2013 അഡ്മിഷന് മുമ്പുള്ള (പഴയ സ്കീം) വിദ്യാർത്ഥികളും ഓഫ്‌ലൈനായും അപേക്ഷിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് അഞ്ചിന് ആരംഭിക്കും. പരീക്ഷാഫീസിന് പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീ ആയി അടക്കേണ്ടതാണ്.

## ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ മേഴ്‌സിചാൻസ് പരീക്ഷ

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 18-ന് ആരംഭിക്കുന്ന അവസാന വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ മേഴ്‌സിചാൻസ് പരീക്ഷകൾക്ക് 2000 അഡ്മിഷൻ മുതൽ 2008 അഡ്മിഷൻ (പഴയ സ്കീം) വരെയുള്ള വിദ്യാർത്ഥികൾ പിഴകൂടാതെ മാർച്ച് 19, 50 രൂപ പിഴയോടെ മാർച്ച് 21, 125 രൂപ പിഴയോടെ മാർച്ച് 23 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിന് പുറമെ മേഴ്‌സിചാൻസ് ഫീസ് 2000 രൂപയും സി.വി ക്യാമ്പ് ഫീസ് 200 രൂപയും അട ക്കേണ്ടതാണ്.

## സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കാം

പരീക്ഷാഫലം വൈകി പ്രസിദ്ധീകരിച്ച, കൊട്ടാരക്കര സെയിന്റ് ഗ്രിഗോറിയസ് കോളേജിൽ ബി.എ ആന്വൽ സ്കീം പാർട്ട് ഒന്ന് ഇംഗ്ലീഷ് പരീക്ഷ (ഏപ്രിൽ 2017 സെഷൻ) എഴുതിയ വിദ്യാർത്ഥികൾക്ക് മാത്രം പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മാർച്ച് 31 വരെ അപേക്ഷിക്കാം.

## ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ സെനറ്റ് ചേമ്പറിൽ രാവിലെ പത്തിന് കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്തു. നരേറ്റിംഗ് ട്രാവൽ: മാപ്പിംഗ് ഐഡന്റിറ്റീസ് എന്ന വിഷ യത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. ഡോ. ബി ഹരിഹരൻ അദ്ധ്യക്ഷനായ ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് പ്രൊഫ. ഡോ. ലക്ഷ്മി സുകുമാർ സ്വാ ഗതം ആശംസിച്ചു. ഇന്റർ നാഷ്ണൽ ബൈറൺ സൊസൈറ്റി അഡ്വൈസറി മെമ്പർ ഡോ. ശോഭന ഭട്ടാചാരി മുഖ്യപ്രഭാഷണവും, അസി. പ്രൊഫ. വിഷ്ണു നാരായണൻ കൃതജ്ഞതയും രേഖപ്പെടുത്തി.

## ബി.എ പരീക്ഷ

ഏപ്രിലിൽ ആരംഭിക്കുന്ന ബി.എ (ആന്വൽ)/ ബി.എ (അഫ്സൽ-ഉൽ-ഉലാമ) മൂന്നാം വർഷ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു.മാർച്ച് ഏഴ് മുതൽ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
05.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098